പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1328

31/10/2019-ൽ മറുപടിയ്ക്ക്

## കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനുവേണ്ടി നിർമ്മാണ പ്രവൃത്തിക്ക് അനുവദിച്ച മൂന്ന് കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തുകയ്ക്കാണ് ടെണ്ടർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) 2017-18 ൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;<br>(സി) 2019-ൽ തന്നെ കുളത്തൂർ വി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (എ), (ബി) & (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനു വേണ്ടി നിർമ്മാണ പ്രവൃത്തിയുടെ എസ്.പി.വിയായി 'കൈറ്റി'നെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കൈറ്റിന് സമയ ബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക് ഓർഡർ നൽകാത്ത 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വിയായി വാപ്കോസിനെ (WAPCOS) ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് കൈറ്റ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത 50 സ്കൂളുകളുടെ പട്ടികയിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ വി.എച്ച്.എസ്.എസും ഉൾപ്പെട്ടിട്ടുണ്ട്. |

Namitha P

സെക്ഷൻ ഓഫീസർ